ആരോഗ്യവകുപ്പുമന്ത്രി (ഡാ. എ. ആർ. മേനോൻ) :

(എ) 1858.

(ബി) ആറുമാസത്തെ പരിചയം, സാക്ഷരതപമുണ്ടായിരിക്കണം.

(സി) ജോലിയിൽ പരിശീലനവും ഫോർത്ത്ഫാം സ്റ്റാൻഡാർഡുമുണ്ടായിരിക്കണം.

(ഡി) അറൻഡറന്മാരുടെ ശമ്പളം 35—60 ക.
വാർഡറന്മാർക്ക് 35—40 ക.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തോമസ് ജോൺ : പരിശീലനമൊന്നുമില്ലാത്ത ആളുകളെ വാർഡറന്മാരായും അറൻഡറന്മാരായും നിയമിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഡാ. എ. ആർ. മേനോൻ : ഇല്ല.

ശ്രീ. തോമസ് ജോൺ : നിർഭാഗ്യവതികളായ സുഖക്കേട്ടുകാരെ ശുശ്രൂഷിക്കുന്നവർ പരിശീലനമില്ലാത്തവരായിരുന്നാൽ രോഗികളുടെ രോഗം വർദ്ധിക്കുകയും അതു മരണത്തിനിടയാക്കുകയും ചെയ്യുമെന്നു അറിയാമോ ?

ഡാ. എ. ആർ. മേനോൻ : അവർക്കാവശ്യമായ പരിശീലനം നൽകുന്നുണ്ട്.

ശ്രീ. തോമസ് ജോൺ : ഈ ഗവണ്മെൻറ് പരിശീലനമില്ലാത്ത ആളുകളെ ആശുപത്രികളിൽ നിയമിച്ചുവരുന്നതായി അറിയാമോ ?

ഡാ. എ. ആർ. മേനോൻ : മുൻപു പണിയുണ്ടായിരുന്ന ആളുകളെമാത്രമേ നിയമിച്ചിട്ടുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : മലബാറിൽ ഇങ്ങനെയുള്ളവർക്ക് മുൻപു കിട്ടിക്കൊണ്ടിരുന്ന ശമ്പളവും ഇപ്പോൾ കിട്ടിവരുന്ന ശമ്പളവുമായി വ്യത്യാസമുണ്ടോ ?

ഡാ. എ. ആർ. മേനോൻ : വ്യത്യാസമൊന്നുമില്ല. ഏതെങ്കിലും കാരണവശാൽ വ്യത്യാസമുണ്ടെങ്കിൽ പരിഹരിക്കാവുന്നതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇന്നലെ വടക്കാഞ്ചേരിയിൽ ഇതുപോലെയുള്ള ഒരാൾ മരുന്നു മാറിക്കൊടുത്തതുകാരണം മരിച്ചുപോയതായി അറിയാമോ ?

ഡാ. എ. ആർ. മേനോൻ : പത്രത്തിൽ കാണുകയുണ്ടായി.

Assistance by the UNESCO for the Library Movement.

* 1709. [25] **Shri K. Hassan Gani**: Will the Minister for Education be pleased to state :

(a) the details of assistance, if any, extended by the UNESCO for the spread of Library movement in the villages ;

(b) the action taken by Government to start a net work of village libraries ; and

(c) whether Govrernment have considered the appointment of a committee to devise suitable measures to implement the above proposal ?

LIBRARY ARCHIVES Kerala Legislative Assembly

Minister for Education (**Shri Joseph Mundassery**):

(a) No assistance has been received;

(b) Government are giving encouragement to the Kerala Grandhasala Sanghom and the local library authority in the Malabar area in their endeavour to open as many libraries as possible; and

(c) As there is already an advisory committee assisted by the K. G. S., Government do not consider it necessary to appoint any new committee for the purpose.

ശ്രീ. കെ. ഹസൻഗനി : ലൈബ്രറിയേസംബന്ധിച്ചിടത്തോളം നിയമമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ ജോസഫ് മുണ്ടശ്ശേരി : ഒരു കരടുനിയമമുണ്ടായിരുന്നു. അതു പ്രീ ശോധിച്ചുകൊണ്ടിരിക്കുകയാണു്. രംഗനാഥൻ എന്നൊരുദ്യോഗസ്ഥന്റെ അതിലേയ്ക്കു ക്ഷണിച്ചിട്ടുണ്ടു്. അദ്ദേഹം ഇവിടെവന്നു് പരിശോധിച്ചശേഷം ഒരു കരടുബിൽ തയാറാക്കാൻ പോവുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലബാറിലെ ലോക്കൽ ലൈബ്രറി അതാറിട്ടീസ് ഒരു നിയമം അയച്ചിട്ടില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതും പരിശോധിക്കും.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മി. രംഗനാഥൻ വന്നതിനുശേഷം കരടു ബില്ലിനെപ്പറ്റി ആലോചിക്കുമെന്നു പറഞ്ഞു. അതാറിട്ടി ഒരു നിയമം അയച്ചുകൊടുത്തതായും അതു തിരസ്കരിച്ചതായും അറിയുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പഴയ കരടുബില്ലായിരിക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറ് അയച്ചുകൊടുത്തിട്ടുണ്ടോ ?

ശ്രീ ജോസഫ് മുണ്ടശ്ശേരി : ഇല്ല.

ശ്രീ. തോമസ് ജോൺ : ഗ്രന്ഥശാലാസംഘക്കാർ ഉപേക്ഷിച്ച ബില്ലാണോ കൊടുത്തിരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ലെന്നു പറഞ്ഞുകഴിഞ്ഞു. മലയാളഭാഷയിലാണു് പറഞ്ഞതും. അതു മനസ്സിലാക്കാൻ ബഹുമാനപ്പെട്ട മെംബർക്കു കഴിവുണ്ടാകണം.

ADJOURNMENT MOTION

Regarding Indian Arms Act— Notification :

മി. സ്പീക്കർ : ആർഡർ, ആർഡർ. ശ്രീ. എം. നാരായണക്കുറുപ്പ് ഒരു അടിയന്തിര പ്രമേയം ചർച്ച ചെയ്യുന്നതിനു് നോട്ടീസ് നൽകിയിട്ടുണ്ടു്. ഏതു സമയത്തും, ഏതു വീട്ടിലും പോലീസ് ആഫീസർമാർക്കു പരിശോധന നടത്താൻ അനുവാദം നൽകുന്ന ഒരു ഗവണ്മെൻറ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള അസാധാരണമായ പരിതഃസ്ഥിതികളെപ്പറ്റി ചർച്ച നടത്താനാണു് അനുവാദം ആവശ്യപ്പെട്ടിട്ടുള്ളതു്. ബഹുമാനപ്പെട്ട മന്ത്രിക്കു് ഇതിന്റെ കോപ്പി കിട്ടിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. അതിനെപ്പറ്റി പറയാനുള്ളതു പറയാം.

ശ്രീ. സി. അച്യുതമേനോൻ : സർ, ഇൻഡ്യൻ ആംസ് ആക്ടനുസരിച്ചു് സാധാരണഗതിയിൽ സ്റ്റേറ്റു ഗവണ്മെൻറിനു നൽകിയിട്ടുള്ള ഭരണാധികാരത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു നോട്ടിഫിക്കേഷനാണിതു്. ഇൻഡ്യൻ ആംസ് ആക്ടു് സെക്ഷൻ 17, സബ്ക്ലാസ്സു് ഡി—യിൽ പറയുന്നതു് ഇങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly